# ലോകചരിത്രം

(രണ്ടാം ഭാഗം)

പ്രൊഫ. ഇ. ശ്രീധരൻ
കെ.പി. ദേവദാസ്

കേരളത്തിലെ വിവിധ സർവകലാശകളിലെ പ്രീഡിഗ്രി - ചരിത്ര വിദ്യാർഥികൾക്കുവേണ്ടി തയാറാക്കിയ ലോകചരിത്രം രണ്ടാം ഭാഗത്തിന്റെ പതിനഞ്ചാം പതിപ്പാണിത്. നവോത്ഥാനം മുതൽ ആഗോളവ്യാപകമായ മഹായുദ്ധങ്ങളും വിപ്ലവങ്ങളും ആഫ്രിക്കയിലെ സ്വാതന്ത്ര്യ പ്രസ്ഥാനങ്ങളും വരെ ഇതിൽ വിശദമായി പ്രതിപാദിച്ചിരിക്കുന്നു.
പ്ലസ് ടു - വിദ്യാർഥികൾക്കും ഈ ഗ്രന്ഥം പ്രയോജനപ്പെടും.

ISBN 978-81-200-4454-8

സിൽ : 4454
വില : 250 രൂപ

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
തിരുവനന്തപുരം

ലോകചരിത്രം (രണ്ടാം ഭാഗം)



250

ലോകചരിത്രം

(രണ്ടാം ഭാഗം)

പ്രൊഫ. ഇ. ശ്രീധരൻ
കെ.പി. ദേവദാസ്



2043

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 2043 Call No.........................

This book should be returned on or before the date last given below.

| | | |
|---|---|---|
| | | |

*Malayalam*
**LOKACHARITRAM -** (RANDAM BHAGAM)
(World History - Part II)

*Authors*
**Prof. E. Sreedharan**
**K.P. Devadas**

First Published : January 1976
Fifteenth Edition : October 2018

*Reseting*
SIL-DTP Sectiom

*Printed at*
Vijnanamudranam Press
Thiruvananthapuram-3

*Published by*
State Institute of Languages, Kerala,
Thiruvananthapuram-3

© State Institute of Languages,
Kerala, Thiruvananthapuram-1976
✆ 0471-2316306, 2314768

Copies : 2000

**Price : Rs. 250.00**

**ISBN 978-81-200-4454-8**

---

*Published under the centrally sponsored scheme for production of text books and literature in regional languages, at the University level, of the Government of India, Ministry of Human Resource Development (Department of Culture), New Delhi.*

---

**SIL / 4454**

# ലോകചരിത്രം

**(രണ്ടാം ഭാഗം)**

**(പതിനഞ്ചാം പതിപ്പ്)**

**പ്രൊഫ. ഇ. ശ്രീധരൻ**
**കെ. പി. ദേവദാസ്**

**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്**
**തിരുവനന്തപുരം**

കൊണ്ടിരുന്നു. അതിന്റെ ഫലമായി വളരെ ധൃതിയിൽ ഈ പുസ്തകം തയാറാക്കേണ്ടിവന്നു. മാത്രമല്ല, വരുന്ന മാർച്ച്-ഏപ്രിൽ പരീക്ഷയ്ക്ക് മലയാളത്തിൽ പരീക്ഷ എഴുതാനുദ്ദേശിക്കുന്ന വിദ്യാർഥികൾക്ക് എത്രയും നേരത്തേ പുസ്തകം എത്തിക്കേണ്ടതായും വന്നു. സിലബസിലെ മിക്കവാറും എല്ലാ അധ്യായങ്ങളും ഈ പുസ്തകത്തിൽ ഉൾക്കൊള്ളിക്കാൻ ശ്രമിച്ചിട്ടുണ്ട്. കോഴിക്കോട് സർവകലാശാല നിർദേശിച്ചിട്ടുള്ള ഭൂപടങ്ങളും ചേർത്തിട്ടുണ്ട്. സമയക്കുറവുകാരണം 'ആഫ്രിക്കയിലെ സ്വതന്ത്രരാഷ്ട്രങ്ങൾ', 'സോവിയറ്റ് യൂണിയനും അമേരിക്കൻ ഐക്യനാടുകളും ലോകശക്തികളെന്ന നിലയിൽ' എന്നീ അധ്യായങ്ങൾ ഈ പുസ്തകത്തിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല. പ്രസ്തുത അധ്യായങ്ങൾ പുസ്തകത്തിൽ ഇല്ലെങ്കിലും, സമകാലിക അന്താരാഷ്ട്ര സംഭവങ്ങളെന്നനിലയിൽ വിദ്യാർഥികൾക്ക് അവയെപ്പറ്റി ആനുകാലികപ്രസിദ്ധീകരണങ്ങളിൽനിന്നും മറ്റും പഠിക്കാൻ അവസരം കിട്ടുമല്ലോ.

വളരെ വൈകാതെതന്നെ ഈ പുസ്തകത്തിന്റെ രണ്ടാം പതിപ്പ് പ്രസിദ്ധീകരിക്കേണ്ടിവരുമെന്നാണ് ഞങ്ങളുടെ പ്രതീക്ഷ. ആ പതിപ്പിൽ പ്രസ്തുത അധ്യായങ്ങൾ തീർച്ചയായും ഉൾപ്പെടുത്തുന്നതാണ്. വിദ്യാർഥികൾ ഈ പുസ്തകത്തെ സഹർഷം സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കേരളാ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡോ. ഏ.എൻ.പി. ഉമ്മർകുട്ടി
തിരുവനന്തപുരം
ജനുവരി 1976

# ഉള്ളടക്കം


1. നവോത്ഥാനം (1350-1650) ..... 1
2. ഭൂമിശാസ്ത്രപരമായ കണ്ടുപിടിത്തങ്ങൾ ..... 30
3. മതനവീകരണ പ്രസ്ഥാനം (1517-1598) ..... 44
4. ദേശീയബോധത്തിന്റെയും ദേശീയരാഷ്ട്രങ്ങളുടെയും വളർച്ച ..... 88
5. 17-ാം നൂറ്റാണ്ടിൽ സ്റ്റുവർട്ട് രാജാക്കന്മാരും പാർലമെന്റും തമ്മിലുള്ള സമരവും 1688-ലെ രക്തരഹിത വിപ്ലവവും ..... 98
6 ചൈനയിലെ മഞ്ചു ചക്രവർത്തിമാർ (1644-1912) ..... 115
7 ഒട്ടോമൻ തുർക്കികൾ ..... 123
8 മഹത്തായ രാജവാഴ്ചയുടെ കാലം ..... 134
9 റഷ്യയുടെ ഉയർച്ച ..... 149
10 പ്രഷ്യയുടെ ഉയർച്ച ..... 167
11 ആസ്ട്രിയയും ഹാപ്സ്ബർഗ് രാജവംശവും ..... 178
12 17-ഉം 18-ഉം നൂറ്റാണ്ടുകളിലെ വാണിജ്യമാൽസര്യങ്ങളും സാമ്രാജ്യസംഘട്ടനങ്ങളും ..... 186
13 അമേരിക്കൻ സ്വാതന്ത്ര്യസമരവും ഐക്യനാടുകളുടെ സ്ഥാപനവും ..... 195
14 ഫ്രഞ്ചുവിപ്ലവം (1789) ..... 202
15 കാർഷിക-വ്യാവസായിക വിപ്ലവങ്ങൾ ..... 242
16 ദേശീയത്വവും ജനാധിപത്യവും 19-ാം നൂറ്റാണ്ടിൽ ..... 251
17 ലാറ്റിനമേരിക്കയിലെ ദേശീയ വിമോചനപ്രസ്ഥാനം ..... 259
18 ഇംഗ്ലണ്ടിലെ പാർലമെന്റ് പരിഷ്കരണം ..... 265

| | | |
|---|---|---|
| 19 | ‘പൗരസ്ത്യപ്രശ്ന’വും തെക്കുകിഴക്കൻ യൂറോപ്പിലെ പുതിയ രാഷ്ട്രങ്ങളും | 274 |
| 20 | ഇറ്റലിയുടെ ദേശീയ ഏകീകരണം | 282 |
| 21 | ജർമനിയുടെ ദേശീയ ഏകീകരണം | 289 |
| 22 | അമേരിക്കയിലെ ആഭ്യന്തരസമരം (1861-’65) | 296 |
| 23 | ആധുനിക ജപ്പാന്റെ ഉദയവും വളർച്ചയും | 305 |
| 24 | ചൈനയുടെ ഉദയം | 312 |
| 25 | സൺയാത്സനും 1911-ലെ ചൈനീസ് വിപ്ലവവും | 318 |
| 26 | ആഫ്രിക്കയിലെ യൂറോപ്യൻ അധിനിവേശം | 322 |
| 27 | 19-ാം നൂറ്റാണ്ടിന്റെ സാമ്പത്തിക-സാമൂഹിക സിദ്ധാന്തങ്ങൾ | 339 |
| 28 | 19-ഉം 20-ഉം നൂറ്റാണ്ടുകളിലെ ശാസ്ത്രപുരോഗതിയും കണ്ടുപിടിത്തങ്ങളും | 347 |
| 29 | ഒന്നാം ലോകമഹായുദ്ധം (1914-1918) | 359 |
| 30 | സർവരാഷ്ട്രസമിതി (1919-19399) | 377 |
| 31 | ഒക്ടോബർ വിപ്ലവം (1917) | 384 |
| 32 | തുർക്കിയുടെ പുനരുജ്ജീവനം (1919-1939) | 394 |
| 33 | മുസ്സോളിനിയും ഇറ്റാലിയൻ ഫാസിസവും | 401 |
| 34 | അഡോൾഫ് ഹിറ്റ്ലറും നാസി ജർമനിയും | 411 |
| 35 | രണ്ടാം ലോകമഹായുദ്ധം (1939-45) | 423 |
| 36 | ഐക്യരാഷ്ട്ര സംഘടന | 443 |
| 37 | ആഫ്രിക്കയിലെ സ്വാതന്ത്ര്യപ്രസ്ഥാനങ്ങൾ | 458 |
| | ചോദ്യങ്ങൾ | 484 |


# 1

# നവോത്ഥാനം (1350-1650)

മധ്യകാലഘട്ടത്തിന്റെ അന്ത്യവും ആധുനിക കാലഘട്ടത്തിന്റെ ആരംഭവും എന്നാണെന്ന് കൃത്യമായി പറയുക എളുപ്പമല്ല. എന്നാൽ മൂന്നു സംഭവപരമ്പരകൾ കൊണ്ട് ആ സീമ സൂചിപ്പിക്കാൻ സാധിക്കും. നവോത്ഥാനം, പുതിയ ഭൂവിഭാഗങ്ങളുടെ കണ്ടെത്തലിൽ അവസാനിച്ച 15-ഉം 16-ഉം നൂറ്റാണ്ടുകളിലെ സമുദ്രപര്യടനങ്ങൾ, മതനവീകരണപ്രസ്ഥാനം എന്നിവ ചേർന്ന് ലോകത്തിൽ വരുത്തിയ പരിവർത്തനത്തോടെയാണ് ആധുനിക കാലം ഉദയം ചെയ്തതെന്ന കാര്യത്തിൽ ചരിത്രകാരന്മാർ ഏകാഭിപ്രായം പുലർത്തുന്നു.

നവോത്ഥാനമെന്ന ചരിത്രപ്രധാനമായ പ്രസ്ഥാനം ഏകദേശം ദാന്തേയിലാരംഭിച്ച് ഗലീലിയോയിലവസാനിച്ച ശതകങ്ങളിൽ പരന്നുകിടക്കുന്നതായി കാണാം. നവോത്ഥാനമെന്ന പദംകൊണ്ടർഥമാക്കുന്നത് പുനർജന്മം അഥവാ പുനർജീവനമെന്നാണ്. മധ്യയുഗത്തിലെ ദീർഘസുഷുപ്തിക്കുശേഷം പുരാതന ഗ്രീക്ക്-റോമൻ ചിന്താസാഹിത്യകലാദികൾക്കുണ്ടായ പുനരുജ്ജീവനം. മതാധിപത്യത്തിൽ മുഗ്ധമായിപ്പോയിരുന്ന മധ്യയുഗത്തിലെ ആലസ്യത്തിൽനിന്ന് ഉണർന്നെഴുന്നേറ്റ പാശ്ചാത്യലോകം, പഴയ ഗ്രീക്ക്-റോമൻ കലാസാഹിത്യങ്ങൾ ഉണർവോടെ പഠിക്കുവാനാരംഭിച്ചു. സൗന്ദര്യ സ്വാതന്ത്ര്യാദികളിലും ജീവിതേച്ഛയിലും അടിയുറച്ച പുതിയ സംസ്കാരം പഴയ വിജ്ഞാനങ്ങളോട് സമന്വയിപ്പിക്കാനും മതപരവും പ്രാപഞ്ചികവുമായ എല്ലാറ്റിനെയും യുക്തിയുടെ ഉരകല്ലിലൂടെ കണ്ടെത്താനും ലോകം ഉറ്റു ശ്രമിക്കുകയായി. തൽഫലമായി മതാധിപത്യത്തിന്റെ ബന്ധനങ്ങളിൽനിന്നു മോചനമുണ്ടായി. ഒരു നവചൈതന്യം എങ്ങും പ്രസരിച്ചുതുടങ്ങി. പാശ്ചാത്യ ലോകത്തെയാകമാനം ദീപ്തമാക്കിയ ഒരു സാംസ്കാരികൗന്നത്യത്തിൽ പാശ്ചാത്യലോകത്തെ കൊണ്ടെത്തിച്ച